# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 02.11.2024**

### പ്രധാനവാർത്തകൾ

1) ശബരിമല മണ്ഡലകാല ഒരുക്കങ്ങളുടെ അന്തിമ അവലോകനം മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ഇന്ന് തിരുവനന്തപുരത്ത് ചേർന്നു.

2) യാക്കോബായ സുറിയാനി സഭ തലവൻ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയുടെ കബറടക്കം ഇന്ന്. അന്ത്യാഞ്ജലി അർപ്പിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി ഉൾപ്പെടെ പ്രമുഖർ.

RNU TVPM

3) കണ്ണൂരിൽ ആർ.എസ്.എസ് നേതാവ് അശ്വിനി കുമാർ വധക്കേസിൽ ഒരാൾ കുറ്റക്കാരനാണെന്ന് തലശ്ശേരി കോടതി. 13 പേരെ വെറുതെ വിട്ടു.

4) സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. മലമ്പുഴ ഡാമിലെ ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ വിനോദസഞ്ചാരത്തിന് നിയന്ത്രണം.

5) മുംബൈ ക്രിക്കറ്റ് ടെസ്റ്റിൽ ന്യൂസിലൻഡിനെതിരെ ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് പുരോഗമിക്കുന്നു.

**************************************************

## ശബരിമല

ശബരിമല മണ്ഡലകാല ഒരുക്കങ്ങളുടെ അന്തിമ അവലോകനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്നു. ഈ മാസം 15 ന് മണ്ഡല മകരവിളക്ക് തീർഥാടനത്തിനായി നടതുറക്കുന്നതിനു മുന്നോടിയായി വിവിധ വകുപ്പുകൾ മുന്നൊരുക്ക പ്രവർത്തനങ്ങൾ വേഗത്തിലാക്കിയിട്ടുണ്ട്. സുരക്ഷ ഒരുക്കുന്നതിന് 13,000 ത്തിലധികം പൊലിസുകാരെ സന്നിധാനത്തും പരിസര പ്രദേശങ്ങളിലുമായി വിന്യസിക്കും. 24 മണിക്കൂറും പ്രവർത്തിക്കുന്ന ആരോഗ്യവകുപ്പിന്റെ സേവനം സന്നിധാനം, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ ഉണ്ടാകും. 450 ഓളം ബസുകൾ കെ.എസ്.ആർ.ടി.സി നിരത്തിലിറക്കും.

*****************************************************

## കാതോലിക്ക് ബാവ-കബറടക്കം

RNU TVPM

യാക്കോബായ സുറിയാനി സഭ തലവൻ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയുടെ കബറടക്കം ഇന്ന് വൈകുന്നേരം നാലുമണിയോടെ പുത്തൻകുരിശ് പാത്രിയാർക്ക സെൻററിലെ സെൻറ് അത്തനേഷ്യസ് കത്തീഡ്രലിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി, ചലച്ചിത്ര -സാംസ്കാരിക മേഖലയിലെ പ്രമുഖർ തുടങ്ങിയവർ ബാവയ്ക്ക് അന്ത്യാഞ്ജലി അർപ്പിച്ചു. പുരേഹിതന്മാരിലെ പുരോഹിതനാണ് യാക്കോബായ കാതോലിക്ക ബാവയെന്ന് മുഖ്യമന്ത്രി പറഞ്ഞു. സഭയുടെ മെത്രാപ്പൊലീത്തൻ ട്രസ്റ്റി ജോസഫ് മാർ ഗ്രിഗോറിയോസ്, പാത്രിയാർക്കീസ് ബാവയുടെ പ്രതിനിധികൾ തുടങ്ങിയവർ കബറടക്ക ശുശ്രൂഷകൾക്ക് കാർമികത്വം വഹിക്കും. കബറടക്ക ശുശ്രൂഷകൾ നടക്കുന്നതിനാൽ പുത്തൻ കുരിശിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

*****************************************************

**പൂരം -പ്രത്യേക സംഘം**

തൃശൂർ പൂരം അലങ്കോലപ്പെടുത്തിയതുമായി ബന്ദപ്പെട്ട് പ്രത്യേക അന്വേഷണ സംഘം മൊഴിയെടുപ്പ് ആരംഭിച്ചു. ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന മെഡിക്കൽ സംഘത്തിന്റെയും ഫയർഫോഴ്സിന്റെയും മൊഴി രേഖപ്പെടുത്തി. ഉദ്യോഗസ്ഥ തലത്തിലെ വീഴ്ചയാണ് പ്രധാനമായും അന്വേഷിക്കുന്നത്. മെഡിക്കൽ സംഘം കമ്മീഷണർക്കെതിരെ മൊഴിനൽകിയതായാണ് റിപ്പോർട്ട്.

***********************************************************

**വി.സുനിൽകുമാർ**

പൂരം അലങ്കോലപ്പെടുത്തിയതിൽ സമഗ്ര അന്വേഷണം ആവശ്യമാണെന്ന് സിപിഐ നേതാവ് വി എസ് സുനിൽകുമാർ. പൂര നഗരയിൽ വച്ച് തൻറെ വാഹനം ഗുണ്ടകൾ ആക്രമിച്ചു എന്ന കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ ആരോപണം അന്വേഷിക്കണം. അങ്ങനെ ഉണ്ടായെങ്കിൽ അത് എന്ത്കൊണ്ട് അന്ന് ജനങ്ങളോട് വെളിപ്പെടുത്തിയില്ല എന്നും സുനിൽകുമാർ ചോദിച്ചു.

RNU TVPM

***********************************************************

**ഉപതിരഞ്ഞെടുപ്പ്-കേരളം**

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം. വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ മുതിർന്ന നേതാക്കളുൾപ്പെടെ പ്രചാരണ രംഗത്ത് സജീവമാണ്. ഈ മാസം 13നാണ് തിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ 23ന് നടക്കും.

***********************************************************

## <u>വയനാട് (ഇൻട്രോ)</u>

വയനാട് ലോക്സഭാ മണ്ഡലത്തിൽ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. 16 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാണ്.

വിശദാംശങ്ങളുമായി വയനാടു നിന്നും ആകാശവാമി പ്രതിനിധി **അരുൺ വിൻസന്റ് ചേരുന്നു.....**

**(വോയിസ്)**

***************************************************************

## <u>മഞ്ഞപ്പിത്തം-കണ്ണൂർ</u>

RJUTVPM

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മേഖലയിൽ നിലവിൽ 340 പേർക്ക് മഞ്ഞപ്പിത്തം സ്ഥിരീകരിച്ചു. മഞ്ഞപ്പിത്ത വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ശുചിത്വ മാനദണ്ഡം പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ജില്ലാമെഡിക്കൽ ഓഫീസർ നിർദേശം നൽകി. രോഗ വ്യാപനത്തെ കുറിച്ച് ജാഗ്രത വേണമെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ഡി എം ഒ അറിയിച്ചു. തളിപ്പറമ്പിൽ മഞ്ഞപിത്തത്തെ തുടർന്ന് രണ്ട് മരണമാണ് റിപ്പോർട്ട് ചെയ്യത്. രോഗലക്ഷണമുള്ളവർ ഉടൻ വൈദ്യ സഹായം തേടണമെന്നും ഡി.എം.ഒ. ആദ്യർത്ഥിച്ചു.

***************************************************************

## <u>അശ്വിനി കുമാർ</u>

കണ്ണൂർ ഇരിട്ടിയിൽ ആർ.എസ്.എസ് നേതാവ് അശ്വിനി കുമാർ വധക്കേസിൽ ഒരാൾ കുറ്റക്കാരനാണെന്ന് തലശ്ശേരി കോടതി . മൂന്നാം പ്രതി എം.വി.മർഷൂക്കിനെയാണ് കുറ്റക്കാരനാണെന്ന് കോടതി വിധിച്ചത്. മറ്റ് 13 പേരെ കോടതി വെറുതെ വിട്ടു. 2005

മാർച്ച് 10 ന് ബസ്സിൽ യാത്ര ചെയ്യുകയായിരുന്ന അശ്വനി കുമാറിനെ ഇരിട്ടി പഴയങ്ങാടി മുക്കിൽ വെച്ച് ജീപ്പിലെത്തിയ പ്രതികൾ കുത്തി കൊലപ്പെടുത്തിയെന്നാണ് കേസ്. ഇരിട്ടിയിലെ പ്രഗതി പാരലൽ കോളേജിൽ അദ്ധ്യാപകനായിരുന്നു അശ്വിനികുമാർ. വിധിയിൽ അപ്പീൽ പോകുമെന്ന് പ്രോസിക്യൂഷൻ അറിയിച്ചു.

****************************************************

<u>ടി.പി.കുഞ്ഞിക്കണ്ണൻ</u>

സിനിമ–നാടക നടൻ ടി.പി. കുഞ്ഞിക്കണ്ണൻ അന്തരിച്ചു. 85 വയസായിരുന്നു. കാസർഗോഡ് ചെറുവത്തൂർ സ്വദേശിയാണ്. ഇന്ന് പുലർച്ചെ ഹൃദയാഘാതം മൂലം കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി.

****************************************************

<u>ഇടുക്കി -കുടുംബശ്രീ (ഇൻട്രോ)</u>

ജോലി തിരക്കുകൾക്കിടയിൽ വീട്ടുപണികൾ ചെയ്യാൻ ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസവുമായി കുടുംബശ്രീയുടെ 'ക്വിക്ക് സെർവ്" പദ്ധതി. ശുചീകരണം മുതൽ ശുശ്രൂഷവരെ ചെയ്തുതരാൻ പരിശീലനം നേടിയ കുടുംബശ്രീ അംഗങ്ങൾ ഇനി മുതൽ വീട്ടിലെത്തും.

വിശദാംശങ്ങളുമായി ഇടുക്കിയിൽ നിന്നും ആകാശവാണി പ്രതിനിധി **രതീഷ് കൃഷ്ണ.....**

(വോയിസ്)

****************************************************

RNU TVPM

**കേരളം -മഴ**

കേരളത്തിൽ അടുത്ത നാലു ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദ്ദേശം നൽകി. കേരള തീരത്ത് മത്സ്യബന്ധനത്തിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

*******************************************************

**മലമ്പുഴ ഡാം - ജലനിരപ്പ്**

മലമ്പുഴ ഡാമിലെ ജലനിരപ്പ് പരമാവധി സംഭരണ ശേഷിയിലേക്ക് അടുക്കുന്ന സാഹചര്യത്തിൽ വിനോദ സഞ്ചരികളുടെ പ്രവേശനത്തിൽ നിയന്ത്രണം ഏർപ്പെടുത്തുമെന്ന് അധികൃതർ അറിയിച്ചു. പരമാവധി ജലനിരപ്പിൽ എത്തിയാൽ സ്പിൽവേ ഷട്ടറുകൾ കൂടുതൽ തുറക്കുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

RNU TVPM

*******************************************************

**പാലക്കാട് -മഴ**

വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്നതിനാൽ ജലനിരപ്പ് ക്രമീകരിക്കുന്നതിനായി പാലക്കാട് ചുള്ളിയാർ ഡാമിന്റെ 2 സ്പിൽവേ ഷട്ടറുകൾ 3cm ആയി ഉയർത്തി. പോത്തുണ്ടി, മീങ്കര ഡാമുകളുടെ ഷട്ടറുകളും ഇന്ന് തുറക്കും. പുഴകളുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

*******************************************************

**ക്രിക്കറ്റ്**

മുംബൈ ക്രിക്കറ്റ് ടെസ്റ്റിൽ ന്യൂസിലൻഡിനെതിരെ ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് പുനരാരംഭിച്ചു. ഇന്നലെ ന്യൂസിലൻഡിൻറെ ആദ്യ ഇന്നിംഗ്സ് 235 ന് അവസാനിച്ചിരുന്നു. മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ, ഒടുവിൽ

വിവരം ലഭിക്കുമ്പോൾ 5 വിക്കറ്റ് നഷ്ടത്തിൽ 195 റൺസ് എന്ന നിലയിലാണ്. ആദ്യ രണ്ട് മത്സരങ്ങളും വിജയിച്ച ന്യൂസിലൻഡ് നേരത്തെ പരമ്പര സ്വന്തമാക്കിയിരുന്നു.

********************************************************

## വിജ്ഞാനോത്സവം-കോഴിക്കോട്

കേന്ദ്ര റെയിൽവേ, വാർത്താ വിതരണപ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് നാളെ കോഴിക്കോട് എത്തും. . ജന്മഭൂമി സുവർണ്ണജൂബിലി ആഘോഷമായ 'സ്വ' വിജ്ഞാനോത്സവം അദ്ദേഹം ഉദ്ഘാടനം ചെയ്യും.

********************************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

********************************************************

## വി.മുരളീധരൻ

കൊടകര കള്ളപ്പണ കേസ് ഏത് ഏജൻസി അന്വേഷിക്കുന്നതിലും എതിർപ്പില്ലെന്ന് മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ. തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൊടകര കേസ് പുനരന്വേഷം തിരഞ്ഞെടുപ്പ് സമയത്തെ തിരക്കഥയാണെന്നും അദ്ദേഹം പറഞ്ഞു. പി പി ദിവ്യയെ സംരക്ഷിച്ച വ്യക്തിക്കെതിരെ കേസെടുത്തിട്ടില്ലെന്നും അദ്ദേഹം ആരോപിച്ചു.

********************************************************

**ജമ്മു കാശ്മീർ**

ജമ്മു കശ്മീരിലെ ശ്രീനഗറിൽ സുരക്ഷാ സേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ. പ്രദേശത്ത് ഭീകരർ ഒളിച്ചിരിക്കുന്നതായ രഹസ്യാന്വേഷണ വിവരങ്ങളെത്തുടർന്ന് സുരക്ഷാ സേന നടത്തിയ തിരച്ചിലിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്. ഇന്നലെ ഭീകരരുടെ വെടിവയ്പ്പിൽ രണ്ട് തൊഴിലാളികൾക്ക് പരിക്കേറ്റിരുന്നു. 10 വർഷത്തിനിടെ ഇതാദ്യമായാണ് ശ്രീനഗർ നഗര ഭാഗത്ത് സൈന്യവും ഭീകരരും ഏറ്റുമുട്ടുന്നത്.

*******************************************************

**കണ്ണൂർ -മേള**

വ്യവസായ പരിശീലന വകുപ്പിന്റെ നേതൃത്വത്തിൽ കണ്ണൂർ ഗവ. ഐ.ടി.ഐ.യിൽ തിങ്കളാഴ്ച സ്പെക്ട്രം തൊഴിൽ മേള നടത്തും വിവിധ ട്രേഡുകളിലെ 70 ഓളം കമ്പനികൾ മേളയിൽ പങ്കെടുക്കും. ഏകദേശം 800 ഓളം ഒഴിവുകൾ റിപ്പോർട്ടു ചെയതിട്ടുണ്ടെന്ന് ഐ.ടി.ഐ. പ്രിൻസിപ്പൽ ബി.എസ് ദിലീപൻ കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. തിങ്കളാഴ്ച രാവിലെ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

RNU TVPM

*******************************************************

**രാജ്നാഥ് സിങ്**

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് ഇന്ന് കാൺപൂർ സന്ദർശിക്കും. ഐഐടി കാൺപൂരിൽ 65-ാമത് സ്ഥാപക ദിന പരിപാടിയിൽ അദ്ദേഹം മുഖ്യ അതിഥിയായി പങ്കെടുക്കും.

*******************************************************

**ഏകദിന ഉപവാസ സമരം**

ഭിന്നശേഷിക്കാർക്ക് ആവശ്യമായ ഭാഗ്യക്കുറി ടിക്കറ്റ് അനുവദിക്കണമെന്നാവശ്യപ്പെട്ട് കണ്ണൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസിന് മുന്നിൽ വരുന്ന ബുധനാഴ്ച ഏകദിന ഉപവാസ

സമരം നടത്തുമെന്ന് ഭിന്നശേഷി ലോട്ടറി സെല്ലേഴ്സ് യൂണിയൻ കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഭിന്നശേഷിക്കാർക്ക് ടിക്കറ്റ് നൽകുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണം പിൻവലിക്കണമെന്നും ജില്ലാ സെക്രട്ടറി മോഹനൻ പറഞ്ഞു.

***************************************************

**********************************

*********************

RNU TVPM